**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4599** **10-08-2021 - ൽ മറുപടിയ്ക്ക്**

**ബൈക്കുകളുടെ മത്സരയോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കൾ അത്യാധുനിക ബൈക്കുകൾ ഉപയോഗിച്ച് മത്സരയോട്ടം നടത്തുന്നതുകാരണം അപകടമരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി എഫ്.എം, ഓൾ ഇന്ത്യ റോഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയവ നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധനകൾ നടത്താറുണ്ട്. റോഡ് സുരക്ഷ അവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി, SCERT യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്കായി "റോഡ് സുരക്ഷിത യാത്ര" എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ